പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4253 25.06.2018 -ലെ മറുപടിക്ക്

**ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നിർദ്ദിഷ്ട കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനങ്ങൾ**

ചോദ്യം മറുപടി

**ശ്രീ. ജി.എസ്.ജയലാൽ :** **ശ്രീ. ടി.പി.രാമകൃഷ്ണൻ**

(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നിർദ്ദിഷ്ട കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള ഡയറക്ടർ ഡോ.കെ.എസ്.ചന്ദ്രശേഖരൻ സമർപ്പിച്ച കരട് പ്രോജക്ട് നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗീകരിച്ചിട്ടുണ്ടോ എന്നും ആയത് സംബന്ധിച്ച തുടർ നടപടികളെന്തെന്നും വിശദമാക്കാമോ; | (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നിർദ്ദിഷ്ട കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള ഡയറക്ടർ ഡോ.കെ.എസ്. ചന്ദ്രശേഖരൻ സമർപ്പിച്ച കരട് പ്രോജക്ട് റിപ്പോർട്ട് 05/03/2018 ലെ സബ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും വിശദമായ ചർച്ചയ്ക്കായി മാറ്റി വെയ്ക്കുകയും ചെയ്തു. ആയതിൻ പ്രകാരം 03/07/2018 ന് ഈ വിഷയം ചർച്ച ചെയ്യുന്നതിലേക്ക് മാത്രമായി ബോർഡ് സബ്കമ്മറ്റി കൂടുന്നതിനു തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കമ്മറ്റിയിൽ ഡോ.കെ.എസ്.ചന്ദ്രശേഖരനെയും പങ്കെടുപ്പിക്കുന്നുണ്ട്. |
| (ബി) | കൺസ്ട്രക്ഷൻ അക്കാദമിയുടെ ഭൂമിയിൽ നിന്നും സ്പിന്നിംഗ് മില്ലിന് ആവശ്യമായിട്ടുള്ള 6.48 ആർ സ്ഥലം വിട്ടുനൽകി പകരം 6.48 ആർ സ്ഥലം സ്പിന്നിംഗ് മില്ലിൽ നിന്നും കൈപ്പറ്റുന്നതിനുള്ള മുൻതീരുമാനവും ബോർഡിന്റെ സ്ഥലത്തിന് മതിൽ കെട്ടുന്നത് സംബന്ധിച്ചുള്ള മുൻതീരുമാനവും നടപ്പിലാക്കുന്നത് സംബന്ധിച്ച പുരോഗതി വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത സ്ഥലം കൈമാറ്റം ചെയ്യുന്നതിനുള്ള പരസ്പരമാറ്റാധാരം 2018 മാർച്ച് 15 - ാം തീയതി ചാത്തന്നൂർ സബ് രജിസ്ട്രാർ ആഫീസ് മുഖേന നടത്തിയിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനു ബോർഡിനു സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ